# പോലീസ് വകുപ്പ്

# കേരളം

**No. B 1-2378/2020/RRRF**

റാപിഡ് റെസ്പോൺസ് & റെസ്ക്യു ഫോഴ്സ്,
മലപ്പുറം
cmdtsraf.pol@kerala.gov.in
04942489398
തീയതി. 13-10-2020

**പുനർ ലേല പരസ്യം**

മലപ്പുറം ജില്ലയിൽ മേലെ കോഴിച്ചെനയിലുള്ള ക്ലാരി ആർ ആർ ആർ എഫ് ക്യാമ്പിൽ കെട്ടിടങ്ങൾക്ക് ഭീഷണിയായി നിൽക്കുന്ന വിവിധ ഇനങ്ങളിലുള്ള 31 മരങ്ങൾ മുറിച്ച് നീക്കുന്നതിന് വനം വകുപ്പ്, സംസ്ഥാന ജൈവ വൈവിധ്യ ബോർഡ്, സംസ്ഥാന പരിസ്ഥിതി വകുപ്പ് എന്നിവയുടെ അനുമതി ഉത്തരവ് ലഭിച്ചതനുസരിച്ച് 2020 ഒക്ടോബർ മാസം 30-)0 തിയതി രാവിലെ 11 മണിക്ക് ക്ലാരി ആർ ആർ ആർ എഫ് ക്യാമ്പിൽ വച്ച് താഴെ പറയുന്ന നിബന്ധനകൾക്ക് വിധേയമായി പരസ്യമായി പുനർ ലേലം നടത്തുന്നതാണ്.

1. പ്രസ്തുത പുനർ ലേലത്തിൽ പങ്കെടുക്കുവാൻ ആഗ്രഹിക്കുന്നവർക്ക നിരത ദ്രവ്യമായ 60,000/-(അറുപതിനായിരം രൂപ) ആർ ആർ ആർ എഫ് കാഷ്യർ മുൻപാകെ 30/10/2020 തീയതി രാവിലെ 11 മണിക്ക് മുൻപായി അടവാക്കി ലേലത്തിൽ പങ്കെടുക്കാവുന്നതാണ്. ലേലത്തിൽ പങ്കെടുക്കുവാൻ താല്പര്യമുള്ളവർ അവരുടെ തിരിച്ചറിയൽ/മേൽവിലാസം തെളിയിക്കുന്ന രേഖകൾ കൈവശം കരുതേണ്ടതാണ്.

2. കമാണ്ടൻറ് -ൻറെ അനുമതിയോടുകൂടി ഓഫീസ് പ്രവർത്തി ദിവസങ്ങളിൽ ഉച്ചക്ക് ശേഷം 3 മണി മുതൽ 5 മണി വരെയുള്ള സമയത്ത് ടി മരങ്ങൾ പരിശോധിക്കാവുന്നതാണ്. മരങ്ങൾ പരിശോധിക്കുവാൻ വരുന്നവർ തിരിച്ചറിയൽ രേഖ കൈവശം കരുതേണ്ടതും ആവശ്യപ്പെടുന്നപക്ഷം ഹാജരാക്കേണ്ടതുമാണ്.

3. ലേലം ഉറപ്പിക്കുന്ന തുകയുടെ പകുതി (നിരതദ്രവ്യം കിഴിച്ചുള്ളത്) അന്നേദിവസം തന്നെ ആർ ആർ ആർ എഫ് കാഷ്യർ മുൻപാകെ അടക്കേണ്ടതും, ബാക്കി തുകയും ലേലം ഉറപ്പിച്ച തുകയുടെ 18% GST യും ഉൾപ്പെടെയുള്ള തുക ലേലം ഉറപ്പിച്ചുകൊണ്ടുള്ള ഉത്തരവ് ലഭിച്ച 7 ദിവസത്തിനുള്ളിൽ ആർ ആർ ആർ എഫ് കാഷ്യർ വശം അടച്ച രസീത് വാങ്ങേണ്ടതും, ലേലത്തുകയും GST യും ചേർന്ന തുകയുടെ 5% വന വികസന നികുതി (FDT)യായും, 1% കേരള പ്രളയ സെസ് ഇനത്തിലും ലേലക്കാരിൽ നിന്നും ഈടാക്കുന്നതും, ഇവ അന്നേ ദിവസം തന്നെ ആർ ആർ ആർ എഫ് കാഷ്യർ മുൻപാകെ ലേലം പിടിച്ച വ്യക്തി അടക്കേണ്ടതുമാണ്. അല്ലാത്തപക്ഷം ലേലം റദ്ദാക്കി ലേലക്കാരൻ അടച്ച മുഴുവൻ തുകയും സർക്കാരിലേക്ക് ഈടാക്കുന്നതും, നിശ്ചിത സമയത്തിനുള്ളിൽ പുനർ ലേലം നടത്തുന്നതും ആയതിൽ സർക്കാരിന് നഷ്ടം സംഭവിക്കുകയാണെങ്കിൽ ടി തുക ആദ്യ ലേലക്കാരനിൽ നിന്നും ഈടാക്കുന്നതുമായിരിക്കും. മറിച്ച്, ലാഭം ഉണ്ടാകുകയാണെങ്കിൽ ആയതിനു ആദ്യലേലം ഉറപ്പിച്ച വ്യക്തിക്കു യാതൊരുവിധ അവകാശവും ഉണ്ടായിരിക്കുന്നതല്ല.

4. ലേലത്തിൽ വച്ചിട്ടുള്ള മരങ്ങളുടെ വിറകിന് GST ബാധകമല്ല.

5. ലേലം കൊള്ളാത്തവരുടെ നിരത ദ്രവ്യം ലേലം കഴിഞ്ഞാലുടൻ രേഖകൾ പരിശോധിച്ചു തിരികെ നൽകുന്നതാണ്.

6. മരങ്ങൾ ലേലത്തിൽ പിടിക്കുന്ന വ്യക്തി തുക മുഴുവനും അടച്ച 15 ദിവസത്തിനുള്ളിൽ സ്വന്തം ചിലവിലും ഉത്തരവാദിത്വത്തിലും ടി മരങ്ങൾ മുറിച്ച് കൊണ്ടുപോകേണ്ടതും, ക്യാമ്പിലെ മറ്റ് മരങ്ങൾക്കോ കെട്ടിടങ്ങൾക്കൊ കേടുപാടുകൾ സംഭവിക്കാതെ നോക്കേണ്ടതും, അങ്ങിനെ സംഭവിച്ചാൽ ആയതിനുള്ള നഷ്ടം ലേലം പിടിച്ച വ്യക്തിയിൽ നിന്നും ഈടാക്കുന്നതുമാണ്.

7. യാതൊരുവിധ കാരണവും കൂടാതെ ലേലം മാറ്റി വയ്ക്കുന്നതിനോ ലേലം അസ്ഥിരപ്പെടുത്തുന്നതിനോ ഉള്ള അവകാശം ആർ ആർ എഫ് കമാണ്ടൻറിനോ അദ്ദേഹം ചുമതലപ്പെടുത്തുന്ന ഉദ്യോഗസ്ഥനോ ഉണ്ടായിരിക്കുന്നതും, ലേലം സംബന്ധിച്ച എല്ലാ സർക്കാർ വ്യവസ്ഥകളും ഈ ലേലത്തിൽ ബാധകമായിരിക്കുന്നതുമാണ്.

8. ലേലം ചെയ്യുന്ന മരങ്ങളുടെ വിവരങ്ങൾ താഴെ ചേർക്കുന്നു.

| ക്രമ നമ്പർ | മരത്തിൻറെ ഇനം | എണ്ണം |
|---|---|---|
| 1 | തേക്ക് | 2 |
| 2 | മഞ്ഞപ്പാവാട്ട | 2 |
| 3 | പ്ലാവ് | 3 |
| 4 | മാവ് | 1 |
| 5 | മഞ്ചാടി | 1 |
| 6 | മുള്ളൻ കൈനി | 2 |
| 7 | ഉങ്ങ് | 3 |
| 8 | മഹാഗണി | 3 |
| 9 | കുമിഴ് | 2 |
| 10 | കാറ്റാടി | 1 |
| 11 | അക്കേഷ്യ | 11 |
| 12 | തെങ്ങ് | 1 |

നവനീത് ശർമ ഐ പി എസ്
കമാണ്ടൻറ് (ic)

സ്വീകർത്താവ് : ലേല ബോർഡ് അംഗങ്ങളുടെ അറിവിലേക്ക്. കാഷ്യർ, ആർ ആർ ആർ എഫ്, കമാണ്ടന്റിന്റെ സി എ എന്നിവരുടെ അറിവിലേക്ക്.

പകർപ്പ് : എല്ലാ ജില്ലാ പോലീസ് മേധാവിമാർക്കും, ബറ്റാലിയൻ കമാണ്ടന്റുമാർക്കും, ജില്ലാ ഇൻഫർമേഷൻ ഓഫീസർ - മലപ്പുറം, പാലക്കാട്, കോഴിക്കോട്, മുനിസിപ്പൽ സെക്രട്ടറിമാർ - തിരൂർ, കോട്ടക്കൽ, തിരൂരങ്ങാടി, പരപ്പനങ്ങാടി, പഞ്ചായത്ത് സെക്രട്ടറിമാർ - പെരുമണ - കളരി, ഒഴൂർ, തെന്നല, എടരിക്കോട്, കല്പകഞ്ചേരി, നോട്ടീസ് ബോർഡ്, സ്റ്റോക്ക് ഫയൽ.